No. CEE/1999/MDS-2021/TA4


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സുകളിലേക്കുള്ള പ്രവേശനം–2021 രണ്ടാം ഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

2021–22 വർഷത്തെ ബിരുദാനന്തര ബിരുദ ദന്തൽ (പിജി ദന്തൽ) കോഴ്സിൽ സർക്കാർ ദന്തൽ കോളേജുകളിലും സ്വാശ്രയ കോളേജുകളിലും ആദ്യഘട്ട അലോട്ട്മെന്റിനുശേഷം നിലവിലുള്ള ഒഴിവുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന നിശ്ചിത തീയതിക്കുള്ളിൽ ഓപ്ഷൻ കൺഫർമേഷൻ സമർപ്പിച്ച വിദ്യാർത്ഥികളുടെ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. അഖിലേന്ത്യാ ക്വാട്ടയിൽ നിന്നും സംസ്ഥാന ക്വാട്ടയിലേക്ക് തിരികെ നൽകിയ സീറ്റുകൾ, ഗവൺമെന്റ് ദന്തൽ കോളേജുകളിലെ സർവ്വീസ് ക്വാട്ട, സ്വാശ്രയ ദന്തൽ കോളേജുകളിലെ മൈനോറിറ്റി ക്വാട്ട, NRI ക്വാട്ട എന്നീ സീറ്റുകളിലേക്കുള്ള അലോട്ട്മെന്റും ഈ ഘട്ടത്തിൽ നടത്തിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ വെബ്സൈറ്റിൽ നിന്ന് അലോട്ട്മെന്റ് മെമ്മോ പ്രിന്റൗട്ട് എടുത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ **28.10.2021 മുതൽ 30.10.2021 വൈകിട്ട് 4.00 മണി** വരെയുള്ള തീയതികളിൽ ഹാജരായി ഫീസടച്ച് പ്രവേശനം നേടേണ്ടതാണ്. പ്രവേശന സമയത്ത് അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ള മുഴുവൻ ഫീസും അതാത് കോളേജുകളിൽ അടയ്ക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിലെ വിജ്ഞാപനം കാണുക.

തിരുവനന്തപുരം

27.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**